**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 30** **12-10-2026-ൽ മറുപടിയ്ക്ക്**

**ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് ഭരണഭാഷ പൂർണമായും മലയാളമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി:** 13/01/2015 തീയതിയിലെ ജിഒ (പി)നം.03/2015/പി&എആർഡി ഉത്തരവ് പ്രകാരം കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപീകരിക്കുന്ന എല്ലാ വകുപ്പുകളിലും സർക്കാർ / അർധസർക്കാർ / സ്വയംഭരണ / പൊതുമേഖല / സഹകരണ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദേശിച്ചിരുന്നു. ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതി യോഗവും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഉള്ള ഔദ്യോഗിക ഭാഷ സംബന്ധിച്ച സംസ്ഥാനതല സമിതി യോഗവും ഭരണഭാഷ പുരോഗതി വിലയിരുത്തിവരുന്നു.

**(ബി)** സെക്രട്ടേറിയറ്റിൽ നിന്നും വിവിധ വകുപ്പ് മേധാവികളുടെ ഓഫീസുകളിലേക്കും തിരിച്ചുമുള്ള ഔദ്യോഗിക കത്തിടപാടുകൾ നിലവിൽ പൂർണമായും മലയാളത്തിലാണോ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് വേണ്ടി സെക്രട്ടേറിയറ്റിലെ ഭരണവകുപ്പ് മേധാവികൾക്കും മറ്റ് വകുപ്പ് മേധാവികൾക്കും എല്ലാ ജില്ലാ കളക്ടർമാർക്കും, ജില്ലാ ഓഫീസർമാർക്കും, സർവകലാശാല രജിസ്ട്രാർമാർക്കും സംസ്ഥാനത്തെ എല്ലാ സർക്കാർ പൊതു മേഖല സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ബോർഡ്/ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ മേധാവികൾക്കും നിർദേശം നൽകിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ചേരുന്ന ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല സമിതി യോഗറിപ്പോർട്ടും, ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതി യോഗറിപ്പോർട്ടും, ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതല ഏകോപന സമിതി യോഗറിപ്പോർട്ടും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഉള്ള ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതി യോഗം വിലയിരുത്തിവരുന്നു.

**(സി)** നിലവിൽ മലയാളം പൂർണമായി ഉപയോഗിക്കാത്തതോ ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തുന്നതോ ആയ വകുപ്പുകൾ/ഓഫീസുകൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 13/01/2015 തീയതിയിലെ ജി.ഒ(പി)നം.2/2015/പി&എആർഡി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ഏഴ് സാഹചര്യങ്ങളൊഴികെ ഓഫീസ് നടപടിക്രമങ്ങൾ പൂർണ്ണമായും മലയാളത്തിൽത്തന്നെ തയ്യാറാക്കേണ്ടതും മേൽ സാഹചര്യത്തിൽ ഇംഗ്ലീഷിൽ കത്തുകൾ തയ്യാറാക്കുമ്പോൾ കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കേണ്ടതുമാണെന്ന് ഉത്തരവിൽ പരാമർശിച്ചിരിക്കുന്നു.

(ഇംഗ്ലീഷിൽ കത്തുകൾ തയ്യാറാക്കേണ്ട ഏഴ് സാഹചര്യങ്ങൾ:-

1. കേന്ദ്രസർക്കാരിലേക്കുള്ള കത്തുകൾ

2.കേന്ദ്രസർക്കാർ സ്ഥാപനത്തിലേക്കുള്ള കത്തുകൾ

3. ഹൈക്കോടതി/ സുപ്രീംകോടതിയിലേക്കുള്ള കത്തുകൾ

4. ഇതരസംസ്ഥാനങ്ങൾക്കുള്ള കത്തുകൾ

5. അന്യരാജ്യങ്ങൾക്കുള്ള കത്തുകൾ

6. സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ

7. ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ.

(മേൽ സാഹചര്യങ്ങളിൽ ഇംഗ്ലീഷിൽ കത്തുകൾ തയ്യാറാക്കുമ്പോൾ കുറിപ്പുഫയൽ മലയാളത്തിലായിരിക്കേണ്ടതുമാണ് ).

**(ഡി)** സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും കത്തിടപാടുകളും ഭരണനിർവഹണവും സമ്പൂർണമായി മലയാളത്തിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം (ബി)

**സെക്ഷൻ ഓഫീസർ**